# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 7,960/-(ഏഴായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1984/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:24/06/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/08/2015-ലെ എം3-26970/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ KSA 14102/പിറ്റി1/2015 നമ്പർ 14/01/2016 തീയതിയുലെ കതത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം പഞ്ചായത്തിലെ സ്പോർട്സ് ക്ലബ്ബുകൾക്ക് വേണ്ടി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനൽകുന്നതിനായി ചെലവുചെയ്ത 9,760/ഏഴായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. സബ്സിഡി മാർഗ്ഗരേഖയിൽ പെടാത്ത ഇനത്തിൽ പെട്ട ചെലവിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിക്കാത്തതിനാലാണ് ഓഡിറ്റ് തടസ്സം വന്നിട്ടുള്ളത്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 12/12/2014 ലെ 2(9)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ

അടിസ്ഥാനത്തിൽ ഖണ്ഡിക-3-3 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ സദുദ്ദേശ്യപരമായ പദ്ധതി എന്ന നിലയ്ക്ക് 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 നെ സംബന്ധിച്ച പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമാണ്. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 7,960/-(ഏഴായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം

സെക്രട്ടറി,കടനാട് ഗ്രാമപഞ്ചായത്ത്, കോട്ടയം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ